(സി) ഇത്തരം കേസുകളിൽപ്പെട്ട എത്ര പ്രതികൾ ഇതിനകം ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 143 പേർ മരണമടഞ്ഞിട്ടുണ്ട്.

(ബി) 143 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) 3 കേസുകളിലെ പ്രതികളെ ശിക്ഷിച്ചിട്ടുണ്ട്.

പോലീസുകാരുടെ ആത്മഹത്യ

75 [76] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2003 ഡിസംബർ 31 വരെ എത്ര പോലീസുകാർ ആത്മഹത്യ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പോലീസുകാരുടെ ആത്മഹത്യയെക്കുറിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ആത്മഹത്യ ചെയ്യാനുണ്ടായ കാരണങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) കടക്കെണിയിൽപ്പെട്ട പോലീസുകാരുടെ കുടുംബങ്ങൾ ആത്മഹത്യ ചെയ്തിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 44 പോലീസുകാർ.

(ബി) സർക്കാർതലത്തിൽ പൊതുവായ ഒരു അന്വേഷണം നടത്തിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യുന്ന കേസുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അന്വേഷണം നടത്തിയിട്ടുണ്ട്.

(സി) മനോവിഷമം, കുടുംബ പ്രശ്നങ്ങൾ, സാമ്പത്തിക ബുദ്ധിമുട്ട്, മാറാ രോഗങ്ങൾ എന്നിവമൂലമാണ് ആത്മഹത്യ ചെയ്തിട്ടുള്ളത്.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly